## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

തൊഴിലുറപ്പ് തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് എൻ. ആർ.ഇ.ജി. വർക്കേഴ്സ് യൂണിയന്റെ നിവേദനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7305

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ. ബി.സത്യൻ<br>,, കെ.കുഞ്ഞിരാമൻ(ഉദുമ)<br>,, ബി.ഡി.ദേവസ്സി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിന്റെ നേതൃത്വത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | |
| (സി) | നിവേദനത്തിലെ ആവശ്യങ്ങളോടുള്ള നിലപാട് അറിയിക്കാമോ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

997/NM(UA&Lwss)/14

# എൻ. ആർ. ഇ. ജി വർക്കേഴ്സ് യൂണിയൻ

## കേരള സംസ്ഥാന കമ്മിറ്റി

തിരുവനന്തപുരം

27.06.2014

4853
1 JUL 2014

Secy. (UA)
For necessary action

## എൻ.ആർ.ഇ.ജി വർക്കേഴ്സ് യൂണിയൻ സമർപ്പിക്കുന്ന നിവേദനം

സർ,

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കുകയും 2006 മുതൽ രാജ്യത്ത് ആരംഭിക്കുകയും ചെയ്തു. 2008 മുതൽ രാജ്യത്താകെ പദ്ധതി പ്രവർത്തനം വ്യാപിപ്പിച്ചു. എട്ട് വർഷം കഴിഞ്ഞിട്ടും തൊഴിലുറപ്പ് നിയമത്തിന്റെ ലക്ഷ്യം ഇനിയും നിറവേറ്റിയിട്ടില്ല. ഇത് സംബന്ധിച്ച കണക്കുകൾ പരിശോധിച്ചാൽ ഈ സത്യം ബോധ്യപ്പെടും. ഗ്രാമീണ മേഖലയിൽ അവിദഗ്ദ്ധ തൊഴിലെടുക്കാൻ സന്നദ്ധമായ ഒരു തൊഴിലാളി കുടുംബത്തിന് പ്രതിവർഷം 100 ദിവസമെങ്കിലും തൊഴിലും കൂലിയും ഉറപ്പ് വരുത്തി ദാരിദ്ര്യം ഇല്ലാതാക്കാൻ ലക്ഷ്യം വെച്ചുകൊണ്ടാണ് പാർലമെന്റ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസാക്കിയത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഈ തൊഴിലാളി പക്ഷനിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആത്മാർത്ഥമായ ഒരു പരിശ്രമവും ഇതേവരെ നടത്തിയിട്ടില്ല എന്നത് ഗൗരവമായ പരിശോധന അർഹിക്കുന്നു. പദ്ധതി ആരംഭിച്ച് ഓരോ വർഷം കഴിയുന്തോറും പദ്ധതിക്ക് നീക്കി വെക്കുന്ന തുക വർദ്ധിപ്പിക്കുകയല്ല വെട്ടിച്ചുരുക്കുകയാണ് ഉണ്ടായത്.

രാജ്യത്താകെ തൊഴിലുറപ്പ് നിയമം അനുസരിച്ച് തൊഴിലിനായി ഇതേവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത് 13.1 കോടി കുടുംബങ്ങളാണ്. ഈ കുടുംബങ്ങളിലൊട്ടാകെ 29 കോടി തൊഴിലാളികൾ ഉൾപ്പെടുന്നുണ്ട്. അവർക്കാകെ 2013-14 ൽ ലഭിച്ചത് 219.9 കോടി തൊഴിൽ ദിനങ്ങളാണ്. തൊഴിൽ ചെയ്യാൻ സന്നദ്ധമായ കുടുംബങ്ങൾക്ക് ശരാശരി ലഭിച്ചത് 46 തൊഴിൽ ദിനങ്ങൾ മാത്രമാണ്. 46.4 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷം നിയമം അനുശാസിക്കുന്ന 100 ദിവസത്തെ തൊഴിൽ ലഭിച്ചത് കേവലം 3 ശതമാനം കുടുംബങ്ങൾക്ക് മാത്രം. ഇതിൽ നിന്ന് തന്നെ പദ്ധതി നടത്തിപ്പിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുടർന്ന് പോന്ന ഗൗരവമായ അലംഭാവം വ്യക്തമാണ്. ജോലി ചെയ്താൽ 14 ദിവസത്തിനകം കൂലി നൽകണമെന്ന വ്യവസ്ഥയും നടപ്പിലായില്ല. പകുതി കുടുംബങ്ങൾക്ക് പോലും നിയമപ്രകാരം കൂലി ലഭിച്ചില്ല. പ്രഖ്യാപിച്ച തുച്ഛമായ കൂലി പോലും മൂന്നും നാലും മാസം കുടിശ്ശികയായി. ഗ്രാമീണ ദരിദ്രരോട് കാട്ടുന്ന ഈ ക്രൂരത അവസാനിപ്പിക്കാൻ ഗൗരവമായ ഇടപെടൽ ആവശ്യമാണ്.

കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 28,44,719 കുടുംബങ്ങളാണ് തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2013-14 സാമ്പത്തികവർഷം 15,23,795 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ ലഭിച്ചത്. ആകെ 8,65,91,732 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. തൊഴിലെടുക്കാൻ സന്നദ്ധമായവർക്ക് ശരാശരി 56 ദിവസം മാത്രമേ തൊഴിൽ ലഭിച്ചുള്ളൂ. 100 ദിവസം തൊഴിൽ ലഭിച്ചത് 40,6386 കുടുംബങ്ങൾക്ക് മാത്രമാണ്.

സംസ്ഥാനത്ത് പണിയെടുത്ത തൊഴിലാളിക്ക് ലഭിക്കേണ്ട കൂലി 400 കോടി രൂപയിലധികം കുടിശ്ശികയായി. നാലും അഞ്ചും മാസം കഴിഞ്ഞിട്ടും മുഴുവൻ തൊഴിലാളികൾക്കും കൂലി കുടിശ്ശിക ലഭിച്ചിട്ടില്ല. കൂലി നൽകുവാൻ കാലതാമസം വന്നാൽ നഷ്ടപരിഹാരം നൽകണമെന്ന സർക്കാർ നിർദ്ദേശവും നടപ്പിലായില്ല. നിയമം അനുശാസിക്കുന്ന തൊഴിൽ ദിനങ്ങൾ ലഭ്യമായില്ലെങ്കിൽ തൊഴിൽരഹിത വേതനം നൽകണമെന്ന വ്യവസ്ഥയും നടപ്പിലാക്കുന്നില്ല.

ഈ സാഹചര്യത്തിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും പൂർണ്ണതോതിൽ തൊഴിലും വരുമാനവും ഉറപ്പ് വരുത്തുന്നതിന് പദ്ധതി പ്രവർത്തനം സമൂലമായി പരിഷ്കരിക്കാനും അതിനാവശ്യമായ തുക കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും നീക്കിവെക്കാനും തയ്യാറാവണം.

2013 ഡിസംബറിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതുക്കിയ ഗൈഡ് ലൈനിൽ കൃഷിയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് വഴി നിലവിൽ ചെയ്തുപോന്ന പ്രവർത്തികൾ പോലും തുടരാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പദ്ധതി നടത്തിപ്പിനെ ഇത് പ്രതികൂലമായി ബാധിക്കുകയും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് തടസമാവുകയും ചെയ്യും. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോടിക്കണക്കിന് തൊഴിലാളികളുടെ അധ്വാനശേഷിയെ ഫലപ്രദമായി കാർഷികമേഖലയിലെ ജോലികൾക്കും പരമ്പരാഗത മേഖലയിലെ തൊഴിലിനും ക്ഷീരകർഷകമേഖലയ്ക്കും പ്രയോജനപ്പെടുത്തിയാൽ വൻതോതിൽ ഉൽപാദന വർദ്ധന നേടാനും ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്താനും കഴിയുന്നതാണ്. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമീണ ജനങ്ങൾക്ക് വരുമാനവും ജീവിത പുരോഗതിയും ഉറപ്പ് വരുത്താനും കഴിയും. ഈ യാഥാർത്ഥ്യം കണക്കിലെടുത്ത് കാർഷികമേഖലയിലെ എല്ലാ ജോലികളും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും ക്ഷീരകർഷകമേഖലയും പരമ്പരാഗത തൊഴിൽ മേഖലകളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ ഇന്നുള്ള കുറവ് പരിഹരിക്കാൻ അത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ സംസ്ഥാനസർക്കാരുകൾ വഹിക്കേണ്ട വിഹിതത്തിന് മതിയായ തുക സംസ്ഥാന സർക്കാർ നീക്കിവെക്കണം. അത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കണം. നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ ശരിയായ വിലയിരുത്തലും സോഷ്യൽ ഓഡിറ്റിംഗും നടക്കുന്നുവെന്ന് ഉറപ്പ് വരുത്താനും സംവിധാനം ഉണ്ടാവണം.

അത്യാവശ്യസാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുന്നു. അസംഘടിതമേഖലയിലെ അവിദഗ്ദ്ധ തൊഴിലാളികൾക്ക് പോലും 500 രൂപയ്ക്ക് മുകളിൽ പ്രതിദിനം കൂലി ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് 212 രൂപ മാത്രമാണ് ഇപ്പോൾ ലഭിക്കുന്ന കൂലി. ഇതിൽ കാര്യമായ വർദ്ധനവുണ്ടാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. പണി എടുക്കുന്ന തൊഴിലാളികൾക്ക് നിയമപ്രകാരം യഥാസമയം കൂലി ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താനും കാലതാമസം ഉണ്ടായാൽ നഷ്ടപരിഹാരം നൽകാനും നടപടികൾ സ്വീകരിക്കണം.

കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. തൊഴിലിടങ്ങളിൽ നിയമപ്രകാരം അവർക്ക് ലഭിക്കേണ്ട പരിരക്ഷയും ആനുകൂല്യങ്ങളും മിക്ക തൊഴിലിടങ്ങളിലും ലഭിക്കുന്നില്ല. സൗജന്യ വൈദ്യസഹായം അടക്കം നിയമപരമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. അതോടൊപ്പം തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുകയോ അവയ്ക്ക് വാടക നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല. തൊഴിൽ സമയവും പ്രായോഗികമായി പരിഷ്കരിക്കേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് സ്ത്രീ തൊഴിലാളികളാണ് ബഹുഭൂരിപക്ഷവും എന്നതുകൂടി പരിഗണിച്ച് തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 വരെ എന്നത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കണം.

കേരളത്തിൽ അസംഘടിതമേഖലയിൽ അടക്കം പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമഗ്രമായ ക്ഷേമപെൻഷൻ പദ്ധതികൾ നിലവിലുണ്ട്. ഇത് പരിഗണിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് സമഗ്രമായ ഒരു ക്ഷേമപെൻഷൻ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. അടിയന്തിരമായ ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ സമഗ്രമായൊരു ക്ഷേമപെൻഷൻ പദ്ധതി നടപ്പിലാക്കണം.

തൊഴിലുറപ്പ് നിയമം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ കേന്ദ്രത്തിലും സംസ്ഥാനത്തിലും തൊഴിലുറപ്പ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടല്ലോ. നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രധാനപ്പെട്ട തൊഴിലാളി സംഘടനാ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി തൊഴിലുറപ്പ് കൗൺസിൽ പുനഃസംഘടിപ്പിച്ച് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം.

കേരളം പോലുള്ള സംസ്ഥാനങ്ങളിൽ നഗര-ഗ്രാമവ്യത്യാസം തീരെ ഇല്ലാതാവുകയാണ്. സംസ്ഥാനത്ത് 52 ശതമാനം ജനങ്ങൾ ഗ്രാമപ്രദേശങ്ങളിലും 48 ശതമാനം ജനങ്ങൾ നഗരപ്രദേശങ്ങളിലുമാണ് എന്നത് ശ്രദ്ധേയമാണ്. ഗ്രാമീണ ദരിദ്രജനവിഭാഗത്തെ പോലെ തന്നെ നഗരപ്രദേശങ്ങളിലും വലിയൊരു വിഭാഗം ജനങ്ങൾ തൊഴിലില്ലായ്മയും ദാരിദ്ര്യവും അനുഭവിക്കുന്നവരാണ്. അതുകൊണ്ടാണ് നഗരപ്രദേശങ്ങളിൽ കൂടി തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കണമെന്ന് തുടർച്ചയായി ആവശ്യപ്പെട്ടുപോന്നത്. അത് കേന്ദ്രഗവൺമെന്റ് പരിഗണിക്കാതെ വന്ന ഘട്ടത്തിലാണ് എൽ.ഡി.എഫ് ഗവൺമെന്റ് നഗരപ്രദേശങ്ങൾക്കുവേണ്ടി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കാൻ തയ്യാറായത്. എന്നാൽ ഭൂരിപക്ഷം നഗരസഭകളും ഈ പദ്ധതി ഇന്ന് ഫലപ്രദമായി നടപ്പിലാക്കുന്നില്ല. ഫണ്ടിന്റെ അപര്യാപ്ത, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാത്തത്, പദ്ധതികൾക്ക് രൂപം നൽകാത്തത്, നടത്തിപ്പിന് ആവശ്യമായ ജീവനക്കാരുടേയും മറ്റും കുറവ് ഇതെല്ലാം പദ്ധതി നടത്തിപ്പിന് തടസമായി മാറി. ഫലത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഇന്ന് മരവിപ്പിച്ച നിലയിലാണ്. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് നഗരപ്രദേശങ്ങളിലെ തൊഴിൽ രഹിതരായ പാവങ്ങൾക്ക് കൂടി തൊഴിലും വരുമാനവും ഉറപ്പ് വരുത്താൻ കഴിയും വിധം തൊഴിലുറപ്പ് പദ്ധതി നഗരപ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. മേൽ നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ മഹത്തായ ലക്ഷ്യം പൂർത്തീകരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് എൻ.ആർ.ഇ.ജി വർക്കേഴ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെടുന്നു.

എസ്. രാജേന്ദ്രൻ
*പ്രസിഡന്റ്*

എം.വി. ബാലകൃഷ്ണൻ
*സെക്രട്ടറി*

ബഹു: കേരളമുഖ്യമന്ത്രി

ബഹു: ഗ്രാമവികസനവകുപ്പ് മന്ത്രി

ബഹു: തദ്ദേശഭരണവകുപ്പ് മന്ത്രി

ബഹു: നഗരവികസന വകുപ്പ് മന്ത്രി

ബഹു: എം.പിമാർ